# സംവരണകാര്യത്തിൽ എൻ.എസ്.എസ്. എന്തുകൊണ്ട് വീണ്ടും സുപ്രീംകോടതിയെ സമീപിക്കേണ്ടിവരുന്നു

ഇന്ത്യൻ ഭരണഘടനയിൽ ഏതാനുംവർഷങ്ങളിലേക്കായി ചില വിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവരണം, അവരുടെ സത്വരമായ സമുദ്ധാരണത്തിനുവേണ്ടിയായിരുന്നു. അല്ലാതെ സാമൂഹികമായി ഉയർച്ച പ്രാപിച്ചുകഴിഞ്ഞിട്ടുള്ള ഏതെങ്കിലും ജനവിഭാഗത്തിന് അന്യായലാഭം കയ്യടക്കിവയ്ക്കാൻ അവസരം നല്കുവാനായിരുന്നില്ല. ഭരണഘടനയുടെ വിധാതാവായ ഡോ. അംബേദ്കർ തന്നെ പാർലമെന്റിൽവെച്ച് 16-ാം വകുപ്പ് നാലാം ഉപവകുപ്പ് പാസ്സാക്കുമ്പോൾ അതിലുപയോഗിച്ചിട്ടുള്ള ബാക്ക്‌വേഡ് ക്ലാസ് (പിന്നാക്കജനവിഭാഗം) എന്നതിന്റെ നിർവചനം "സ്വന്തം കാലിൽ നില്ക്കുവാൻ കഴിവില്ലാത്ത ജനങ്ങൾ" എന്നാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. അത് അന്നത്തെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലാണ്. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നില്ക്കുന്ന ജനവിഭാഗങ്ങളെയാണ്, പ്രസ്തുത വകുപ്പിൽ പരാമർശിച്ചിട്ടുള്ളത്. അങ്ങനെ വരുമ്പോൾ, ഇന്ന് സാമൂഹികമായ അവശതകളുടെ അടിസ്ഥാനം സാമ്പത്തികമാണ്. അതുകൊണ്ട് സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ജനവിഭാഗങ്ങളെയാണ് ഈ പ്രയോഗത്തിലുൾപ്പെടുത്തേണ്ടത്. അതുകൊണ്ട് ഈ വകുപ്പിന്റെ പരിധിക്കുള്ളിൽ 'പട്ടികജാതിക്കാർ' എന്ന വിഭാഗം നിസ്സന്ദേഹം ഉൾപ്പെടുമെങ്കിലും ഈ വിഭാഗത്തിന്റെ പട്ടിക അനർഹരായ മറ്റു ചില സമുദായങ്ങളുടെ ഇടയിലേക്കുകൂടി വലിച്ചുനീട്ടുന്നത്, രാജ്യത്തുള്ള ജനവിഭാഗങ്ങളെ ജാതിയുടെ പേരിൽ വിവേചനം നടത്തി വേർതിരിക്കുവാനാണ്. ഏതെങ്കിലും ഒരു പ്രത്യേക സമുദായത്തിന് സവിശേഷമായ പരിഗണന കൊടുക്കുന്നതിന് ശാസ്ത്രീയമായ പഠനങ്ങളും അതനുസരിച്ചുള്ള സ്ഥിതിവിവരക്കണക്കുകളും നിലവിലില്ലാതിരിക്കുമ്പോൾ ചില സമുദായങ്ങളോട് ആനുകൂല്യം പ്രകടിപ്പിക്കുന്നതും മറ്റു വിഭാഗങ്ങൾക്ക് നീതി നിഷേധിക്കുന്നതും വിവേചനാപരമാണ്. നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാകുമ്പോൾ, തുല്യനീതി എല്ലാവർക്കും ഉറപ്പുവരുത്തേണ്ടത് ഭരണഘടനാപരമായ ബാധ്യതയാണ്. ഈ കാരണങ്ങളാലാണ്, സാമൂഹികനീതി എല്ലാവർക്കും ഉറപ്പുവരുത്തുന്നതിനു വേണ്ടി സംവരണവ്യവസ്ഥകൾക്ക് അടിസ്ഥാനപരമായ മാറ്റം ആവശ്യമാണെന്ന നിലപാട് അറുപതോളം വർഷങ്ങൾക്കു മുമ്പ് ശ്രീ മന്നത്തുപത്മനാഭന്റെ നേതൃത്വത്തിൽ നായർ സർവീസ് സൊസൈറ്റി സ്വീകരിച്ചത്.

തുടർന്ന് നായർ സർവീസ് സൊസൈറ്റി ഇക്കാര്യത്തിൽ പല നിവേദനങ്ങൾ കേന്ദ്ര-സംസ്ഥാനസർക്കാരുകൾക്ക് സമർപ്പിക്കുകയും നിരവധി പ്രതിഷേധപ്രകടനങ്ങളും പ്രക്ഷോഭണങ്ങളും സമ്മേളനങ്ങളും തുടർച്ചയായി നടത്തുകയും ചെയ്തെങ്കിലും ഗവണ്മെന്റുകളുടെയും രാഷ്ട്രീയപാർട്ടികളുടെയും ഭാഗത്തുനിന്നും നീതിപൂർവമായ ഒരു നടപടിയും ഉണ്ടായില്ല.

1990-ൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് കേന്ദ്ര സർക്കാർ നടപ്പാക്കിയതോടുകൂടി ജാതിസംവരണം പുതിയ മേഖലകളിലേക്കു കൂടി വ്യാപിപ്പിക്കുകയാണുണ്ടായത്. ഇതിനെ തുടർന്ന്, നായർ സർവീസ് സൊസൈറ്റി, സംവരണകാര്യത്തിൽ സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ മാത്രം പരിഗണിച്ചാൽപോരെന്നും, സാമ്പത്തികമായ പിന്നാക്കാവസ്ഥകൂടി പരിഗണിക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ മാത്രം കണക്കിലെടുത്താൽപോരാ, സാമ്പത്തികമായ പിന്നാക്കാവസ്ഥ കൂടി പരിഗണിക്കേണ്ടതാണെന്ന നിഗമനത്തിൽ കോടതി എത്തുകയും, അതിന് വാർഷികവരുമാനപരിധിയുടെ അടിസ്ഥാനത്തിൽ സംവരണവിഭാഗത്തിലെ ക്രീമിലെയറിനെ ഒഴിവാക്കണമെന്നും അതിലേക്കുള്ള വരുമാനപരിധി നിശ്ചയിക്കുവാൻ കേന്ദ്ര-സംസ്ഥാനഗവണ്മെന്റുകളെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇക്കാര്യത്തിൽ കോടതിയുടെ തീരുമാനം പൂർണ്ണമല്ലെങ്കിലും എൻ.എസ്.എസ്സിന്റെ ആവശ്യം തത്ത്വത്തിൽ അംഗീകരിക്കുന്നതായിരുന്നു. അതനുസരിച്ച് വാർഷികവരുമാനപരിധി ഒന്നര ലക്ഷത്തിൽ തുടങ്ങിയത്, രണ്ടര ലക്ഷവും, നാലരലക്ഷവും, ആറുലക്ഷവും കടന്ന് ഇപ്പോൾ എട്ടു ലക്ഷത്തിൽ എത്തിനില്ക്കുന്ന അവസ്ഥയാണ് ഉള്ളത്. ഇത് സുപ്രീംകോടതിവിധിയുടെ അന്തസ്സത്തയ്ക്ക് യോജിക്കാത്തതാണ്. സംവരണത്തിന്റെ പേരിൽ ഒരു വിഭാഗത്തെ വോട്ടുബാങ്ക് ആയി എന്നും ഉപയോഗിക്കാനുള്ള രാഷ്ട്രീയപാർട്ടികളുടെയും ഗവണ്മെന്റുകളുടെയും തന്ത്രപരമായ നീക്കമായി വേണം ഇതിനെ കാണുവാൻ.

മറ്റൊരു രാജ്യത്തും ഇല്ലാത്തതും ശാസ്ത്രീയമായ പഠനങ്ങളോ അതനുസരിച്ചുള്ള സ്ഥിതിവിവരക്കണക്കുകളോ ഇല്ലാതെയും അറുപതിൽപരം വർഷങ്ങളായി ഈ സംവരണരീതി തുടരുന്നത് രാജ്യത്തെ ജാതീയമായി വേർതിരിക്കുന്നതിനും വിഭാഗീയത വളർത്തുന്നതിനും അതുവഴി രാജ്യത്തിന്റെ അഖണ്ഡത നഷ്ടപ്പെടുന്നതിനും ഇടയാകും എന്നത് നിസ്തർക്കമാണ്. ഈ സാഹചര്യത്തിലാണ്, ഒരു സാമൂഹികസംഘടനയെന്ന നിലയിൽ, രാജ്യത്തെ ജനങ്ങൾക്ക് തുല്യനീതി ഉറപ്പുവരുത്തുവാൻ വേണ്ടി അശാസ്ത്രീയമായ ഈ സംവരണരീതിക്കെതിരെ പരമോന്നതനീതിപീഠമായ സുപ്രീംകോടതിയെ സമീപിക്കേണ്ടിവരുന്നത്.